# സസ്നേഹം ഐഐടിയിൽനിന്ന്

**വി കെ അനുശ്രീ**

**തിരുവനന്തപുരം**

'പാണ്ടനാട് വെസ്റ്റ്, ചെങ്ങന്നൂർ, ആർകെവി സ്കൂളിനു സമീപം. കോമയിലുള്ള അമ്മയോടൊപ്പം രണ്ട് ഹൃദ്രോഗികൾ. നടക്കാൻ വയ്യ. ഭക്ഷണവും വെള്ളവും വേണം. കുറ്റൂർ, പത്തനംതിട്ട. ഗർഭിണിയടക്കം നാലുപേർ. കൊടിഞ്ഞൂർ പുത്തൻവീട്. വൃദ്ധർ കുടുങ്ങിക്കിടക്കുന്നു. ബോട്ടുകൾക്ക് എത്താനാകുന്നില്ല. എയർലിഫ്റ്റ് ചെയ്യണം.'

ദിവസങ്ങളായി സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിച്ച സന്ദേശങ്ങളിൽ ചിലതുമാത്രം. ഒരാളെയെങ്കിലും രക്ഷപ്പെടുത്താനാകും എന്ന വിശ്വാസത്തിൽ നമ്മൾ ഫോർവേഡ് ചെയ്യ മെസേജുകൾക്കു പിന്നിലുള്ളത് ഇരുപത്തഞ്ചിൽപ്പരം കോളേജ് വിദ്യാർഥികളുടെ രാപ്പകൽ അധ്വാനം. ദുരിതബാധിത പ്രദേശത്തുനിന്ന് പരമാവധി വിവരം ശേഖരിച്ച് അധികൃതർക്ക് കൈമാറി ക്യാമ്പസിനെ ഫലത്തിൽ ഒരു കൺട്രോൾ റൂമാക്കി മാറ്റിയിരിക്കയാണ് ഗുജറാത്ത് ഗാന്ധിനഗർ ഐഐടി വിദ്യാർഥികൾ.

16ന് രാവിലെ ദൃശ്യമാധ്യമങ്ങളിലേക്ക് ഒഴുകിയെത്തുന്ന സഹായാഭ്യർഥനകൾ ശ്രദ്ധയിൽപ്പെട്ടതോടെ രക്ഷാപ്രവർത്തനത്തിന്റെ ഭാഗമാകാൻ വിദ്യാർഥികൾ തീരുമാനിക്കുകയായിരുന്നു. വടകര സ്വദേശിയും രണ്ടാം വർഷ എംഎസ്സി കോഗ്നിറ്റീവ് സയൻസ് വിദ്യാർഥിയുമായ എസ് ശ്രീകാന്തും ക്യാമ്പസിലെ മറ്റ് മലയാളി വിദ്യാർഥികളും ഒത്തുചേർന്നു. സംഘങ്ങളായി തിരിഞ്ഞ് സാമൂഹ്യ, മുഖ്യധാരാ മാധ്യമങ്ങളിൽ വരുന്ന സഹായാഭ്യർഥനകൾ ശേഖരിച്ച് ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ അപ്‌ലോഡ് ചെയ്യുന്നു. ഓരോ നമ്പരിലും വിളിച്ച് പരമാവധി വിവരം ശേഖരിക്കുന്നു. കുടുങ്ങിക്കിടക്കുന്ന ആളുകളുടെ എണ്ണം, രോഗികൾ, കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ തുടങ്ങിയ വിവരങ്ങൾ, സ്ഥലവും അടയാളങ്ങളും എന്നിവയാണ് ശേഖരിക്കുന്നത്. ലഭിച്ച വിവരങ്ങൾ, അടിയന്തരമായതും അല്ലാത്തതുമായി വേർതിരിച്ച് മറ്റൊരു ലിസ്റ്റ് തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന www.keralarescue.in വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നു. സാമൂഹ്യമാധ്യമങ്ങളിലൂടെ നിരന്തരം ആശയവിനിമയം നടത്തുന്നു. അവസാനം സംസാരിച്ച സമയവും ഓരോ പ്രദേശത്തേക്കും എത്തിച്ചേരാനുള്ള സുരക്ഷിതമാർഗവും ഗൂഗിൾ മാപ്പായി ലഭ്യമാകുന്നത് രക്ഷാപ്രവർത്തനം സുഗമമാക്കുന്നു.

അക്ഷീണരായി പ്രവർത്തിക്കുന്ന വിദ്യാർഥികൾക്കായി അധികൃതർ കോളേജിലെ കോൺഫറൻസ് റൂമുകളിലൊന്ന് തുറന്നുകൊടുത്തു. കൈമെയ് മറന്ന് ജോലിചെയ്യുന്ന കൂട്ടുകാർക്ക് ചായയും സമോസയുമായി ഇതരഭാഷാ വിദ്യാർഥികളെത്തി. കോഡിങ് വിദഗ്ധരായ ചങ്ങാതിമാരും സഹായിച്ചു. ഗവേഷണവിദ്യാർഥികളായ അനികേഷും അജയും തീസിസ് ജോലികൾ പോലും മാറ്റിവച്ച് വിവരശേഖരണത്തിൽ മുഴുകി. മദ്രാസ് യൂണിവേഴ്സിറ്റി വിദ്യാർഥികളായ കിരൺ, ഫാസിൽ എന്നിവരും കുസാറ്റ് വിദ്യാർഥി അക്ഷയും നാട്ടി (വടകര)ലിരുന്ന് ട്വിറ്ററിലൂടെ വിവരങ്ങൾ കൂടുതൽ ആളുകളിൽ എത്തിച്ചു.



ഗാന്ധിനഗർ ഐഐടി വിദ്യാർഥികൾ പ്രളയബാധിതരുടെ വിവരങ്ങൾ ശേഖരിക്കുന്നു